കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡികെ(പി8)/1051/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 26/11/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരി പത്രം സഹിതം)
ജോയിന്റ് ഡയറക്ടർ എൽ.എസ്.ജി.ഡി ,ഇടുക്കി
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഐ.ഡികെ(പി8)/1051/2024 തീയ്യതി: 26/11/2024

ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-11-2023 മുതൽ 14-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കെ.കെ.വിനോദ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	14-10-2024	19-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-10-2024	19-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.എസ് രാജീവ് ഓഡിറ്റ് ഓഫീസർ

ശ്രീ.ബെന്നി മാത്യു അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.അലി എ സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഡെന്നീസ് ജോസഫ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ആനന്ദറാണി ദാസ്	പ്രസിഡന്റ്	01-04-2023	05-07-2023
ശ്രീ. എൻ.ആർ ജയൻ വൈസ് പ്രസിഡന്റ്	പ്രസിഡന്റ്	06-07-2023	31-07-2023
ശ്രീമതി.ജയലക്ഷ്മി പി	പ്രസിഡന്റ്	01-08-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ടോമി ജോസഫ്	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	01-04-2023	31-03-2024
ഡോ.രാജേഷ് കെ.എസ്	വ്യവസായ വികസന ഓഫീസർ	01-04-2023	10-11-2023
ശ്രീ. അഖിൽ ജി.എസ്	വ്യവസായ വികസന ഓഫീസർ	11-11-2023	31-03-2024
ഡോ. ജിറ്റു മാത്യൂ ജേക്കബ്	മെഡിക്കൽ ഓഫീസർ സി.എച്ച്.സി മറയൂർ	01-04-2023	12-12-2023
ഡോ. ശ്രീരാജ് കെ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി മറയൂർ	13-12-2023	08-02-2024
ഡോ. കെസ്ഡി സാം	മെഡിക്കൽ ഓഫീസർ സി.എച്ച്.സി മറയൂർ	09-02-2024	31-03-2024
ശ്രീ. പ്രദീപ്.എൽ.പി	പട്ടിക വർഗ വികസന ഓഫീസർ	01-04-2023	30-07-2023
ശ്രീ. സുധീപ്കുമാർ	പട്ടിക വർഗ വികസന ഓഫീസർ	31-07-2023	31-03-2024
ശ്രീമതി. ജയ കെ.പി	ശിശു വികസന പദ്ധതി ഓഫീസർ ദേവികുളം	01-04-2023	30-06-2023
ശ്രീമതി. റഷീദ വി. എ	ശിശു വികസന പദ്ധതി ഓഫീസർ ദേവികുളം	01-07-2023	09-08-2023
ശ്രീമതി. ആൻസി ടി യോഹന്നാൻ	ശിശു വികസന പദ്ധതി ഓഫീസർ ദേവികുളം	10-08-2023	31-03-2024
ശ്രീമതി റിനു തോമസ്	ക്ഷീര വികസന ഓഫീസർ	01-04-2023	13-07-2023
ശ്രീമതി. ജാസ്മിൻ സി. എ	ക്ഷീര വികസന ഓഫീസർ അധിക ചുമതല	14-07-2023	31-03-2024
ഡോ. സാബു.വി.എസ്	മെഡിക്കൽ ഓഫീസർ സി.എച്ച്.സി ദേവികുളം	01-04-2023	28-04-2023
ഡോ. കെസ്ഡി സാം	മെഡിക്കൽ ഓഫീസർ സി.എച്ച്.സി ദേവികുളം	29-04-2023	31-08-2023
ഡോ. ഷെറിൻ മേരി മാത്യൂ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി ദേവികുളം	01-09-2023	31-03-2024
ഡോ.രാമസ്വാമി	വെറ്ററിനറി സർജൻ മൂന്നാർ	01-04-2023	31-05-2023
ഡോ. മീനമ്മാൾ	വെറ്ററിനറി സർജൻ മൂന്നാർ	01-06-2023	02-07-2023
ഡോ. റിനോജ് ജോസഫ്	വെറ്ററിനറി സർജൻ മൂന്നാർ	03-07-2023	31-03-2024
ശ്രീമതി മാലിനി .ഡി	കൃഷി അസി. ഡയറക്ടർ	01-04-2023	09-08-2023
ശ്രീമതി.ജയന്തി ജെ	കൃഷി അസി. ഡയറക്ടർ (I/C)	10-08-2023	15-10-2023

ശ്രീമതി.രശ്മി വിജയൻ	കൃഷി അസി. ഡയറക്ടർ	16-10-2023	15-02-2024
ശ്രീ.ജോൺസൺ എം.എസ്	കൃഷി അസി. ഡയറക്ടർ	16-02-2024	31-03-2024
ശ്രീമതി. തുളസി പി. എൻ	ശിശുവികസന പദ്ധതി ഓഫീസർ (ദേവികുളം അഡീഷണൽ മൂന്നാർ)	01-04-2023	30-04-2023
ശ്രീമതി.ജമീല എം.യു	ശിശുവികസന പദ്ധതി ഓഫീസർ (ദേവികുളം അഡീഷണൽ മൂന്നാർ)	01-05-2023	08-08-2023
ശ്രീമതി. മേഴ്സി എ.എ	ശിശു വികസന പദ്ധതി ഓഫീസർ(ദേവികുളംഅഡീഷണൽ മൂന്നാർ)	09-08-2023	31-03-2024
ശ്രീ. വിനയദാസ് .എൻ.വി	അസി.എക്സി .എൻജിനിയർ	01-04-2023	31-03-2024
ശ്രീ.അമിത് കെ. സുധാകരൻ	അസി.എൻജിനിയർ	01-04-2023	04-05-2023
ശ്രീ. ഷിബു ബി	അസി.എൻജിനിയർ (അധിക ചുമതല)	05-05-2023	03-07-2023
ശ്രീ. ഷിബു ബി	അസി.എൻജിനിയർ	04-07-2023	31-03-2024

.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-2
4	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല	1-1-3
5	ഡിപ്രീസിയേഷൻ–രേഖകൾ ഹാജരാക്കിയിട്ടില്ല	1-1-4
6	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല.	1-1-5
7	ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-6
8	ബജറ്റ്	1-2
9	ഗ്രാന്റ് വിനിയോഗം	1-3
10	പദ്ധതി അവലോകനം	1-4
11	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-5
12	സാമൂഹ്യ സുരക്ഷാ പദ്ധതികൾ	1-6
13	ക്യാഷ് പരിശോധന	1-7
14	ആഭ്യന്തരനിയന്ത്രണസംവിധാനം.	1-8
15	വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു	1-9
16	ഔഷധങ്ങൾ പൂർണ്ണമായി ലഭ്യമായില്ല	1-10
17	എച്ച്.എം സി വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കുന്നില്ല	1-11
18	ഡിമാൻറ് ഡ്രാഫ്റ്റായി കൈപ്പറ്റിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് എൻക്യാഷ് ചെയ്യാതെ കാലഹരണപ്പെട്ടിരിക്കുന്നു.	1-12
19	ഇ ടെണ്ടർഫീസ് തുക ഇതുവരെ ലഭിച്ചില്ല	1-13
20	അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല	1-14
21	വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല	1-15
22	പട്ടികജാതി വികസന ഓഫീസർ പദ്ധതി നടപ്പാക്കിയില്ല	1-16
23	ക്ഷീരസഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല ₹ 600000/-യുടെ ചെലവ് തടസപ്പെടുത്തുന്നു.	1-17
24	വിനിമയമില്ലാത്തതും നീക്കിയിരിപ്പില്ലാത്തതുമായ ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ വാർഷിക കണക്കിൽ തുടരുന്നു.	1-18
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ-വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6

7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 18-06-2024 ലെ 5(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 20-06-2024 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ** 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes On Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ&എഫ്).

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16159723/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18395271/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം Priorperiod Incomes/expenses ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക സംബന്ധിക്കുന്ന രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ഷെഡ്യൂൾ I-18)	-36422/-

1-1-4 ഡിപ്രീസിയേഷൻ-രേഖകൾ ഹാജരാക്കിയിട്ടില്ല

2023-24 വർഷത്തെ Income And Expenditure പത്രിക പ്രകാരം 12376423/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ലാത്തിനാൽ പ്രസ്തുതയിനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല.

1-1-5 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല.

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-6 ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

സെക്രട്ടറിയുടെ പേരിലുള്ള അഞ്ച് ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക്, സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നില്ല. വിശദാംശം താഴെ കൊടുത്തിരിക്കുന്നു. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 4/18.10.2024-ന് മറുപടി ലഭ്യമാക്കിയില്ല. ടി അക്കൗണ്ടുകൾ കണക്കിലെടുത്ത് അപാകത പരിഹരിക്കേണ്ടതാണ്.

ക്രമ നമ്പർ	ബാങ്ക്	അക്കൗണ്ട് നമ്പർ	ഓഡിറ്റ് തീയതിയിലെ അക്കൗണ്ട് നീക്കിയിരിപ്പ് ₹	ഇനം
1	എസ് ബി ഐ, ദേവികുളം	41627413285	6950	ഇ ടെണ്ടർ
2	എസ് ബി ഐ, ദേവികുളം	57064858394	269490	ടോട്ടൽ സാനിറ്റേഷൻ
3	യൂണിയൻ ബാങ്ക്, മൂന്നാർ	358902010011601	4001026	ലഭ്യമല്ല
4	കേരള ബാങ്ക്, മൂന്നാർ	136912803000044	1293	ലഭ്യമല്ല
5	കേരള ബാങ്ക്, മൂന്നാർ	136960808000011	70016	ലഭ്യമല്ല
	ആകെ		**4348775**	

1-2 ബജറ്റ്

ബജറ്റ്

കമ്മിറ്റി തീരുമാനം	21/03/2023 ലെ 1/1 നമ്പർ തീരുമാനം
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	17/03/2023 ലെ 1/1 നമ്പർ തീരുമാനം

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

69062942	668193123	737256065	724715250	12540815

പുതുക്കിയ ബജറ്റ്

കമ്മിറ്റി തീരുമാനം		09/02/2024 ലെ 1/1 നമ്പർ തീരുമാനം		
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം		03/02/2024 ലെ 1/1 നമ്പർ തീരുമാനം		
മുന്നിരിപ്പ്	**വരവ്**	**ആകെ**	**ചെലവ്**	**നീക്കിയിരിപ്പ്**
69062942	500907861	569970803	473032993	96937810

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസന ഫണ്ട്-പൊതുവിഭാഗം	0	43194736	43194736	30488945	12705791
വികസന ഫണ്ട്-എസ്.സി.പി	0	64498264	64498264	29817537	34680727
വികസന ഫണ്ട്-ടി.എസ്.പി	0	14292000	14292000	9080353	5211647
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ACR, ബാങ്ക് സ്റ്റേറ്റ്മെന്റ് ഇവ പ്രകാരം	10867312	6294000	17161312	11530245	5631067
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic Grant- Untied) ACR, ബാങ്ക് സ്റ്റേറ്റ്മെന്റ് ഇവ പ്രകാരം	4075489	8392000+ 490936(int)	12958425	3387829	9570596
സംരക്ഷണ ഗ്രാന്റ്-റോഡിതരം	0	5559400	5559400	5200862	358538
എസ് ജി എസ് വൈ-320100102	12719	353	13072	0	13072
ഐ എ വൈ പൊതു വിഭാഗം	4280506	0	4280506	0	4280506
ഐ എ വൈ പട്ടിക വിഭാഗം	8097561	0	8097561	0	8097561
ഐ എ വൈ അധിക തുക 450430101	1243	50	1293	1293	0
എം എൽ എ ഫണ്ട് 450410108	244724	3812129	4056853	3832425	224428
320100199- ആസ്പിരേഷൻ ബ്ലോക്ക് പ്രോഗ്രാം	-	175326	175326	-	175326
320200322- ശുചിത്വമിഷൻ നിർമ്മൽഭാരത് അഭിയാൻ	-	15887	15887	15503	384
320200301- ചിന്നക്കനാൽ കോളനി രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി- പ്രത്യേക ഗ്രാന്റ്	0	3804425	3804425	0	3804425
320100120 – ഹെൽത്ത് ഗ്രാന്റ്	0	14337459	14337459	14832178	(-)494719
320200307 – ഹെൽത്ത് ഗ്രാന്റ്	0	14257000	14257000	0	14257000

ചെലവ് ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്യാത്തതിനാൽ 320100120 എന്ന ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ് വന്നിരിക്കുന്നു.

1-3-1 ലാപ്സായ തുകയുടെ വിശദാംശങ്ങൾ

15.07.2021-ലെ സ.ഉ. (കൈ) നം. 79/2021 ധന പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ 80% ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 2025-26 ലേയ്ക്ക് പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

ഫണ്ടിനം	വരവ്	ചെലവ്	തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന തുക 80%	തൻവർഷം 80% ചെലവില്ലാത്തതിനാൽ ലാപ്സായതും 2025-26 വർഷം കുറവ് ചെയ്യുന്നതുമായ തുക
വികസന ഫണ്ട്-പൊതുവിഭാഗം	43194736	30488945	34555789	4066844
വികസനഫണ്ട്- പട്ടികജാതി വിഭാഗം	64498264	29817537	51598611	21781074
വികസന ഫണ്ട്-ടി.എസ്.പി	14292000	9080353	11433600	2353247

1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ട്കളുടെ ശതമാനം
203	291526099	116	102805516	87	57%

ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

ഇനം		അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
വികസന ഫണ്ട്	പൊതു വിഭാഗം	51433936	30488945	59.28
	പട്ടിക ജാതി വിഭാഗം	72184418	29817537	41.31
	പട്ടിക വർഗ്ഗ വിഭാഗം	16284510	9080353	55.76
ധനകാര്യ കമ്മീഷൻ ഗ്രാന്റ്		31160487	14918073	47.87
കേന്ദ്രാവിഷ്കൃതഫണ്ട്		37657700	104075	0.03
സംസ്ഥാനാവിഷ്കൃതഫണ്ട്		247000	0	0
തനത് ഫണ്ട്		4716755	2155273	45.69

മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട്	26196000	1679000	0.06
ബ്ലോക്ക് പഞ്ചായത്ത്	0	0	0
മറ്റ് ജില്ലാ പഞ്ചായത്ത്	33596000	9361398	27.86
സംരക്ഷണ ഗ്രാന്റ് റോഡിതരം	10406893	5200862	49.98
സംരക്ഷണ ഗ്രാന്റ് റോഡ്	0	0	0
മറ്റിനം	7642400	0	0
ആകെ	293683099	102805516	35

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതി കളുടെ എണ്ണം	നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം	അടങ്കൽ	ചെലവ്₹	ചെലവ് ശതമാനം
ചൈൽഡ് ഡെവലപ്മെൻറ് പ്രോജക്ട് ഓഫീസർ	9	7	4128000	1916569	46.43
സെക്രട്ടറി	54	27	173770613	53743143	30.93
പട്ടിക വർഗ്ഗ വികസന ഓഫീസർ	1	1	25000	25000	100
മെഡിക്കൽ ഓഫീസർ സി.എച്ച്.സി	13	11	12052136	6915942	57.38
പട്ടികജാതി വികസന ഓഫീസർ	9	0	17310000	0	0
അസിസ്റ്റന്റ് ഡയറക്ടർ(കൃഷി)	3	3	4000000	2220000	55.5
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	5	4	6533400	3299787	50.51
വ്യവസായ വികസന ഓഫീസർ	2	1	4542605	300000	6.6
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	2	2	750000	636203	84.83
അസി.എഞ്ചിനീയർ	105	60	70571345	33748872	47.82
ആകെ	**203**	**116**	**293683099**	**102805516**	**35**

ജില്ലാ ആസൂത്രണ സമിതിയുടെ 12/02/2024-ലെ 677/2024/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തിയ 203 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. അതിൽ 116 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹293683099/-ൽ ₹102805516/- മാത്രമാണ് ചെലവഴിക്കാനായത് (35ശതമാനം). ചെലവ്

ശതമാനത്തിൽ വന്ന കുറവ് ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. ലഭ്യമാകുന്ന ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി ആസൂത്രണ പ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ഭരണസമിതിയുടെയും ആസൂത്രണസമിതിയുടെയും നിർദ്ദേശപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗം ചേരുകയും വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചശേഷം മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതുമാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണ പുരോഗതി അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്യേണ്ടതും കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി എസ്റ്റിമേറ്റിനനുസരിച്ച് പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്നതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2023-24 വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് രണ്ടുതവണ മാത്രമാണ്. പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമായി നടത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ജാഗ്രത പുലർത്തേണ്ടതാണ്.

1-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

1-6 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

ക്ഷേമ പെൻഷൻ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും ചെലവഴിച്ചിട്ടില്ല.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2024 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണസംവിധാനം.

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ

കൈമാറ്റം നടത്തുന്നുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാകേണ്ടതുണ്ട്.

1) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട് .

2) നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

വാടക കുടിശ്ശികയിനത്തിൽ കിട്ടാനുള്ള തുകകളുടെ കൃത്യത ഡി.സി.ബി നിർണ്ണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശികയിനത്തിൽ കിട്ടാനുള്ള തുക വസൂലാക്കാനുള്ള റെവന്യു റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

4) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5) വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ.

പട്ടികജാതി വികസന ഓഫീസർ തൻവർഷം പ്രോജക്ടുകളൊന്നും നടപ്പാക്കിയില്ല. പദ്ധതി നിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

6) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ബ്ളോക്ക് പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ സ്ഥാപനം എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

7) മരാമത്ത് പ്രവൃത്തികൾ.

ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വിഭജിക്കുന്നതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ

പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നതും മിക്ക പ്രോജക്ടുകളും സ്പിൽ ഓവർ ആകേണ്ടി വരുന്നതും ന്യൂനതയാണ്.

1-9 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ വാടകക്ക് നൽകിയിട്ടുള്ള ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള മുറികളുടെ വാടകക്കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) കെട്ടിടം : 30 റൂം ലെയിൻ, ടെംപിൾ റോഡ്, മൂന്നാർ.

ക്രമ നം	റൂം നമ്പർ	വാടകക്കാരന്റെ പേര്	പ്രതിമാസം ഇടാക്കേണ്ട വാടക(ജി എസ്.ടി ഉൾപ്പെടെ)	തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി	ഈടാക്കാൻ അവശേഷിക്കുന്ന വാടക കുടിശിക ₹
1	3	ശ്രീമതി. സരസ്വതി വേലായുധൻ	1776	04/2023 മുതൽ 3/2024വരെ	25152
2	4	ശ്രീമതി. രേണുക ദേവി	1776	04/2023 മുതൽ 3/2024വരെ	21312
3	6	ശ്രീമതി. സെൽവറാണി	1776	04/2023 മുതൽ 3/2024വരെ	21312
4	9	ശ്രീമതി. സരസ്വതി സുന്ദരപാണ്ടി	1776	04/2023 മുതൽ 3/2024വരെ	21312
5	12	ശ്രീമതി. ചടച്ചിയമ്മാൾ	1776	04/2023 മുതൽ 3/2024വരെ	21312
6	14	ശ്രീമതി. പാർവതിയമ്മാൾ	1776	04/2023 മുതൽ 3/2024വരെ	21312
7	15	ശ്രീമതി. പാക്കിയലക്ഷ്മി	1776	04/2023 മുതൽ 07/23 വരെ 10/23 മുതൽ 3/2024വരെ	17760
8	16	ശ്രീമതി. കലൈമണി	1776	04/2023 മുതൽ 3/2024വരെ	21312
9	18	ശ്രീമതി. കിസർബാനു	1776	10/2023 മുതൽ 3/2024വരെ	10656
10	23	ശ്രീമതി. ജ്ഞാനമ്മാൾ	1776	04/2023 മുതൽ 3/2024വരെ	21312
11	27	ശ്രീമതി. ചിന്നത്തായി	1776	11/2023 മുതൽ 3/2024വരെ	8880
12	29	ശ്രീ. ആരോഗ്യസ്വാമി	17ർ	10/2023 മുതൽ 3/2024വരെ	10656
ആകെ					218448

ബി)കെട്ടിടം :07 റൂംസ് ബിൽഡിംഗ്, ജി.എച്ച് റോഡ് മൂന്നാർ.

ക്രമ നം	മുറി നമ്പർ	വാടകക്കാരന്റെ പേര്	പ്രതിമാസം ഇടാക്കേണ്ട വാടക	തുക ഈടാക്കാൻ അവശേഷിക്കുന്ന	ഈടാക്കാൻ അവശേഷിക്കുന്ന വാടക കുടിശിക

				കാലാവധി	
1.	05	ശ്രീ. സെക്രട്ടറി ഹൈറേഞ്ച് സൊസൈറ്റി	1852+(ജി എസ്.ടി 334)	04/2023 മുതൽ 3/2024 വരെ	22224
2	6	ശ്രീ. ചന്ദ്രശേഖർ	1852+(ജി എസ്.ടി 334)	04/2023 മുതൽ 3/2024 വരെ	22224
ആകെ					44448

മേൽ പറഞ്ഞ വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/16.10.2024) മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 ഔഷധങ്ങൾ പൂർണ്ണമായി ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷത്തെ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ഔഷധങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും ഔഷധങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

ക്രമ നം.	പ്രോജക്ട് നം. & പ്രോജക്ട്	നിർവ്വഹണ ഉദ്യോഗസ്ഥൻ	കൈമാറിയ തുക ₹	കൈമാറ്റ വിശദാംശങ്ങൾ	ലഭ്യമാകാനുള്ള മരുന്നുകളുടെ മൂല്യം
3	പ്രോജക്ട് നം. 86/2023-24 ദേവികുളം സെക്കന്ററി പാലിയേറ്റീവ് മരുന്ന് വാങ്ങൽ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ദേവികുളം	569071	NEFT മുഖേന സ്ഥാപനത്തിന്റെ 3624005700000027 (ഐ.എഫ്.എസ്.സി. കോഡ് PUNB 0362400) നമ്പർ അക്കൗണ്ടിലേക്ക് 24.01.2024 തീയതിയിൽ ട്രാൻസ്ഫർ ചെയ്തു BRN No.231003630112015364118 തീ. 24.01.2024	103007

ഔഷധങ്ങൾ പൂർണ്ണമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-11 എച്ച്.എം സി വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 173-എ വകുപ്പ് പ്രകാരം പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതനുസരിച്ച് 23.08.2003-ലെ ജി.ഒ.(പി.).259/03/തസ്വഭവ. (എസ്.ആർ.ഒ. നമ്പർ 837/03) എന്ന വിജ്ഞാപനപ്രകാരം 2003-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ

സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ അതിലംഘിച്ച് ഇതേ പേരോടുകൂടി 2010-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചു (15.06.2010-ലെ ജി.ഒ.(എം.എസ്.)125/2010/എൽ.എസ്.ജി.ഡി.(എസ്.ആർ.ഒ. നമ്പർ 598/10) പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(1)ലൂടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

ദേവികുളം ബ്ലോക്ക്പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ദേവികുളം, മറയൂർ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. എച്ച്.എം.സി. വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ഡിമാൻറ് ഡ്രാഫ്റ്റായി കൈപ്പറ്റിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് എൻക്യാഷ് ചെയ്യാതെ കാലഹരണപ്പെട്ടിരിക്കുന്നു.

പദ്ധതി നമ്പർ 177/2024 മാങ്കുളം ഗ്രാമ പഞ്ചായത്തിലെ സർക്കാർ ആഫീസുകളിലും ടൂറിസം കേന്ദ്രങ്ങളിലും വനിത സൗഹൃദ മോഡുലർ ടോയ്‌ലറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ കരാറുകാരായ 'ബി കംഫോർട്ടബിൾ ഇൻഡസ്ട്രീസ് പ്രൈ. ലിമിറ്റഡ്' എന്ന സ്ഥാപനം സെക്യൂരിറ്റി ഡിപ്പോസിറ്റായി ഒടുക്കിയ ₹94000/- ന്റെ ഡിമാന്റ് ഡ്രാഫ്റ്റ് നം.647482 തീ.22.11.23 ഫെഡറൽ ബാങ്ക് മൂന്നാർ. ബ്ലോക്ക് പഞ്ചായത്തിന്റെ വരവിലെടുക്കാതെ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ഫെബ്രുവരി 2024 ൽ ഈ ഡിമാന്റ് ഡ്രാഫ്റ്റ് കാലഹരണപ്പെട്ടിട്ടുള്ളതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് അപ്രസക്തമായിരിക്കുന്നു. ചെക്ക്/ഡ്രാഫ്റ്റ് ആയി ലഭിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ പണമാക്കി ബാങ്കിൽ സൂക്ഷിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-13 ഇ ടെണ്ടർഫീസ് തുക ഇതുവരെ ലഭിച്ചില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.09.2013-ലെ ജി.ഒ.(എം.എസ്.) 318/2013 നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം

ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫാറം വിലയിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക്പഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ./ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന നിർദ്ദേശ പ്രകാരം ബ്ലോക്ക്പഞ്ചായത്ത് ഒരു അക്കൌണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഇനത്തിലെ തുക ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് ക്യാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിൽ ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

1-15 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കേണ്ടതും അതു വഴി കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-16 പട്ടികജാതി വികസന ഓഫീസർ പദ്ധതി നടപ്പാക്കിയില്ല

ജനസംഖ്യയിൽ ഭൂരിപക്ഷവും പട്ടികജാതി വിഭാഗക്കാരായ ദേവികുളം ഗ്രാമ പഞ്ചായത്തിൽ ഒന്നേമുക്കാൽ കോടി രൂപയോളം വകയിരുത്തി 9 പദ്ധതികളുടെ നിർവഹണചുമതല പട്ടികജാതി വികസന ഓഫീസറെ ഏൽപിച്ചിരുന്നെങ്കിലും ഒരു പദ്ധതി പോലും നടപ്പാക്കിയില്ല. വൈകിയുള്ള ആസൂത്രണമാണ് പദ്ധതി നടപ്പാക്കാൻ പറ്റാതിരുന്നതിനുള്ള കാരണമായി പട്ടികജാതി വികസന ഓഫീസർ എക്സിറ്റ് മീറ്റിംഗിൽ വിശദീകരിച്ചത്. ഫലപ്രദമായി പദ്ധതികൾ നടപ്പാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-17 ക്ഷീരസഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല ₹ 600000/-യുടെ ചെലവ് തടസപ്പെടുത്തുന്നു.

പ്രോജക്ട് നം.	238/24
പ്രോജക്ടിന്റെ പേര്	മാങ്കുളം ഗ്രാമപഞ്ചായത്തിലെ ക്ഷീരസഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ തുക	₹600000/- (പൊതു വിഭാഗം)

ചെലവ്	₹600000/- ബിൽനം./തീ. 23100363011201543934/25.03.2024 ₹200000/- താളുംകണ്ടം ക്ഷിരോൽപാദക സഹകരണ സംഘം. ബിൽനം./തീ. 23100363011201543971/25.03.2024 ₹200000/- മാങ്കുളം ക്ഷിരോൽപാദക സഹകരണ സംഘം. ബിൽനം./തീ. 23100363011201543901/25.03.2024 ₹200000/- മുനിപ്പാറ ക്ഷിരോൽപാദക സഹകരണ സംഘം.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാങ്കുളം ഗ്രാമപഞ്ചായത്തിലെ ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്റ്റിൽ ഒരു ക്ഷീരോൽപാദക സഹകരണ സംഘത്തിന് റിവോൾവിംഗ് ഫണ്ടായി ₹200000/-രൂപ വീതം മൂന്ന് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് ആകെ ₹600000/-(ഒരു ഗുണഭോക്താവിന് 40000 രൂപ വീതം 15 ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങാൻ പര്യാപ്തമായ തുക) 25.03.2024ന് ക്ഷീര സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 25/03/2024 ന് നൽകിയ തുക നാളിതുവരെയായിട്ടും (10/2024) ഗുണഭോക്താക്കൾക്ക് നൽകി പ്രോജക്റ്റ് പൂർത്തികരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/ 17.10.24) ക്ഷീരവികസന ആഫീസർ മൂന്നാർ, ദേവികുളം നൽകിയ 17.10.24ലെ നം. 126/2024 മറുപടിയിൽ മേൽ പരാമർശിച്ച മൂന്ന് ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെയും ഗുണഭോക്താക്കൾ പശുക്കളെ വാങ്ങിയ രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതിനാലാണ് തുക വിതരണം ചെയ്യാത്തത് എന്നാണ് അറിയിച്ചിരിക്കുന്നത്. ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പദ്ധതി നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ₹600000/- യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-18 വിനിമയമില്ലാത്തതും നീക്കിയിരിപ്പില്ലാത്തതുമായ ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ വാർഷിക കണക്കിൽ തുടരുന്നു.

RP 40(b) ഷെഡ്യൂൾ പ്രകാരം ഇടപാടുകൾ ഇല്ലാത്തതും സീറോ ബാലൻസ് കൊടുത്തിട്ടുള്ളതുമായ 16 അക്കൌണ്ടുകൾ ഉൾപ്പെട്ടു കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു. ഈ അക്കൗണ്ടുകൾ ആവശ്യമില്ലാത്ത പക്ഷം ക്ലോസ് ചെയ്ത് വാർഷിക കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

ക്രമ നമ്പർ	അക്കൌണ്ട് നമ്പർ
1	ബി പി എഫ് എ 1
2	എൽ ജി ടി എസ് ബി.799013000000793
3	ട്രഷറി ടി എസ് ബി
4	ട്രഷറി അക്കൗണ്ട് 'കോവിഡ്'

5	എസി ബി ഐ. ഐ എ വൈ, സെൻട്രൽ.7458
6	നാഷനലൈസ്ഡ് ബാങ്ക് സ്പെഷ്യൽ ഫണ്ട്സ് 4
7	എസ് ബി ഐ എം എൽ എ എസ് ഡി എഫ് 5738
8	എസ് ബി ഐ പി എം എ വൈ(ജി) അഡ്മിൻ 2346
9	ട്രഷറി സ്പെഷ്യൽ ഫണ്ട്സ് 1
10	യു ബി ഐ (ഐ എ വൈ അഡ്മിൻ കോസ്റ്റ്) 6704
11	ട്രഷറി ദേവികുളം-ഹാഡ
12	ബി പി എഫ് എ-II
13	ബി പി എഫ് എ-III
14	വി പി എഫ് എ IV സി എഫ് സി അവാർഡ് തുക
15	ബി പി എഫ് എ-III-4
16	ബി പി എഫ് എ-III-5

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2023-24 വർഷത്തെ സംയുക്ത പദ്ധതികളുടെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നമ്പർ, പേര്	തുക നൽകിയ സ്ഥാപനം വരവ്		ചെലവ് ₹		ബാലൻസ് ₹
	ഇടുക്കി ജില്ലാ പഞ്ചായത്ത്	വിവിധ ഗ്രാമ പഞ്ചായത്തുകൾ	ഇടുക്കി ജില്ലാ പഞ്ചായത്ത് വിഹിതം	വിവിധഗ്രാമ പഞ്ചായത്തുകൾ	
221/24 PMAY (GEN)	84000	770000	84000	770000	00

1/24 PMAYG	786000	O	786000	O	00
2/24 PMAY (SCP)	2588000	265000	2588000	265000	00
3/24 PMAY (TSP)	5040000	644000	5040000	644000	00
S0165/24 മുനിയാണ്ടി കോവിൽ മുതൽ ഹോസ്പിറ്റൽ വരെ റോഡ്	363399	0	363399	0	0
S0162/24 തെന്മല ലോവർ മുതൽ ഫീൽഡ് ഓഫീസർ വീട് വരെ റോഡ്	499999	0	499999	0	0
ആകെ	**9361398**	**1679000**	**9361398**	**1679000**	

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ-വായ്പ തിരിച്ചടവ്

തൻവർഷം ബ്ലോക്ക്പഞ്ചായത്തിന് വായ്പയിനത്തിൽ വരവോ തിരിച്ചടവോ ഇല്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചതിൻ പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുടർന്ന് വന്നിരുന്ന നിലവിലില്ലാത്ത ₹49,754/-ന്റെ നീക്കിയിരിപ്പിലെ അവ്യക്തത പരിഹരിച്ച് തുക യഥാവിധി ക്രമീകരിച്ച് ഋണശീർഷകണക്കുകൾ കൃത്യമാക്കിയിട്ടുണ്ട്.

4-5 സ്ഥിരനിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ്

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം
1997-98	32	1999	15(a)	റ്റി.വി, വി.സി.ആർ.എന്നിവ വാങ്ങിയതിലെ ക്രമക്കേട്
1997-98	36	1999	15(b)	സാംസ്കാരിക നിലയ നിർമ്മാണത്തിലെ നിരുത്തരവാദപരമായ നടപടികൾ
2003-04	3-11	2006-07	3-35.1	നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല
2006-07	3-4	2009-10	2-8	നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല
2007-08	3-11	2007-08	2-14	നിക്ഷേപ വേലകൾ പൂർത്തിയാക്കുന്നതിലെ കാലതാമസം
2008-09	3-6	2011-12	2-4	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം
2012-13	3-1	2014-15	6-7	ഇല്ലാത്ത സ്ഥാപനത്തിന്റെ പേരിൽ വ്യജരേഖ ചമച്ച് പദ്ധതി പണം അപഹരിച്ചു
2012-13	3-2			
2013-14	3-1	2015-16	8-6	പദ്ധതി പ്രവർത്തനത്തിന് പിൻവലിച്ച തുക ദുർവിനിയോഗം ചെയ്തു. ₹8.58 ലക്ഷത്തിന്റെ ക്രമക്കേട്

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	32806011
ഓഡിറ്റ് വർഷത്തെ ആകെ വരവ്	143722727
ആകെ	176528738
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	127563004
നീക്കിയിരിപ്പ്	48965734

വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	600000

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക			ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ		
ഇല്ല	ഇല്ല			

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	600000	ശ്രീമതി . ജാസ്മിൻ സി.എ, ക്ഷീരവികസന ഓഫീസർ

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
ഇല്ല			

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ജാസ്മിൻ സി.എ, ക്ഷീരവികസന ഓഫീസർ	ക്ഷീരവികസന ഓഫീസർ തൊടുപുഴ	കളിക്കുഴയ്ക്കൽ വെങ്ങല്ലൂർ പി.ഒ തൊടുപുഴ, പിൻ-685608

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	ഈ ഓഫീസിൽ നിന്നും അവസാനം പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
1997-98	KSA IDK-3/1224/1997-98 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	13	3-24, 3-25, 3-26(3, 4, 5), 3-27 മുതൽ 3-33 വരെയും 3-36, 3-36(എ, എ3, എ4, എ11), 3-37
1998-99	KSA IDK-3/1224/1998-99 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	2	3-32, 3-33
1999-2000	KSA IDK-3/1224/1999-00 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	3	2-23, 2-24, 2-27
2000-01	KSA IDK-3/1224/2000-01 (അദാ-	2	3-2, 3-26

	ഓഗസ്റ്റ്)/2022 തീയതി 19-9-2022		
2001-02	KSA IDK-3/1224/2001-02 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	2	2-5, 2-7
2003-04	KSA IDK-3/1224/2003-04 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	5	3-1, 3-3, 3-5, 3-8, 3-11
2006-07	KSA IDK-3/1224/2006-07 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	3	3-3, 3-4(ഇ), 3-6
2007-08	KSA IDK-3/1224/2007-08 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	5	3-5, 3-6, 3-7, 3-14, 3-16
2009-10	KSA IDK-3/1224/2009-10 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	1	3-6
2010-11, 2011-12	KSA IDK-3/1224/2010-11, 2011-12 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	8	3-1, 3-6, 3-10, 3-11, 3-12, 3-13, 3-14, 3-15
2012-13	KSA IDK-3/1224/2012-13 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	8	2-1(സി), 2-2, 2-4, 3-1, 3-2, 3-3, 3-4(എ, സി), 3-9
2013-14	KSA IDK-3/1224/2013-14 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	4	3-1, 3-2, 3-3, 3-5
2014-15	KSA IDK-3/1224/2014-15 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	2	3-2, 3-4
2015-16	KSA IDK-3/1224/2015-16 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	3	3-7, 3-9, 3-10
2016-17	KSA IDK-3/1224/2016-17 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	4	3-5, 3-7, 3-9, 4-8
2017-18	KSA IDK-3/1224/2017-18 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	4	3-2, 3-5, 3-7, 3-8
2018-19	KSA IDK-3/1224/2018-19 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	5	1-12, 1-13, 1-16, 1-20, 3-3(1)
2019-20	കെ.എസ്.എ-ഐ.ഡി.കെ-13/338/2022 തിയതി.25.05.2022	14	1-1 മുതൽ 1-14 വരെ
2020-21	കെ.എസ്.എ-ഐ.ഡി.കെ-13/339/22/ തയതി.25.05.2022	14	1-1 മുതൽ 1-14 വരെ
2021-22	KSA-IDK/P9/448/23 / 16/05/2023	19	1-1 മുതൽ 1-19 വരെ
2022-23	നമ്പർ: കെഎസ്എഐഡികെ.പി-9/ 1322/2023/ 20/12/2023	23	1-1-3 മുതൽ 1-1-8 വരെ, 1-3-1,1-7 മുതൽ 1-11 വരെ,1-13 മുതൽ 1-20 വരെ, 3-1 മുതൽ 3-2 വരെ,4-4

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 18-06-2024 and submitted on 20-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Devikulam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Devikulam Block Panchayat as on 31-03-2024

Date: 26/11/2024

Senior Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Devikulam Block Panchayat for the Year 2023-2024 .

1.Major Observations

1. Closing balances in bank accounts not included in annual financial statements.

2. Non inclusion of notes to accounts in financial statements and non disclosure of material facts.

2.Other Observations

1. Cashflow statement ÂÂ Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2. Lack of authenticated journal voucher for supporting the adjustment entries recorded in prior period items.

3. Depreciation calculation sheet is not prepared.

4. Asset Register not updated

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്